ഒററപ്രതി
3 അണ

Rg: No. T: 66

License No. 39
Dated 15—6—1939

# പ്രസന്നകേരളം

പത്രാധിപർ—വി. വി. വർക്കി.

പുസ്തകം 9 | കോട്ടയം 1123 മകരം 14 ഞായറാഴ്ച | ലക്കം 4

# വോട്ടറന്മാരോട്

## മെക്കാളേപ്രഭുവിൻെറ കത്ത്

(1832-ൽ ലീഡ്സ് നിയോജകമണ്ഡലത്തിൽ മെക്കാളെ ഒരു സ്ഥാനാർത്ഥിയായിരുന്നു. അദ്ദേഹത്തിനു് അവിടെ ശക്തിയായ എതിർപ്പിനെ നേരിടേണ്ടതായി വന്നു. സമ്മതിദായകന്മാർക്കു അദ്ദേഹം താഴെ കാണുന്ന ഒരു കത്തയച്ചു.)

ലണ്ടൻ,
അഗസ്റ്റ് 3, 1832

മാന്യരെ,

വോട്ടുപിടുത്തത്തെ സംബന്ധിച്ചു എനിക്കുള്ള അഭിപ്രായഗതി തന്നെയാണു് നിങ്ങളിൽ പലർക്കുമുള്ളതെന്നറിയുന്നതിൽ എനിക്കു് അതിയായ ചാരിതാർത്ഥ്യമുണ്ടു്.

എൻെറ അഭിപ്രായത്തിൽ വോട്ടു യാചിക്കൽ എന്നതു്, അസംബന്ധവും, അപകടകരവും, പ്രാതിനിധ്യഭരണസമ്പ്രദായതത്വത്തിനു് കടകവിരുദ്ധവുമാണു്. ഒരു സമ്മതിദായകൻെറ വോട്ടു് ലോഹ്യം പ്രമാണിച്ചു് യാചിക്കുന്നതും, ലോഹ്യത്തിനുവേണ്ടിത്തന്നെ ഒരു സ്ഥാനാർത്ഥിക്കു വോട്ടു നൽകുന്നതും നന്നല്ല. ശരിയായി തിരഞ്ഞെടുക്കുകയെന്നതു് വോട്ടർക്കും, ശരിയായി തിരഞ്ഞെടുക്കപ്പെടുകയെന്നതു് സ്ഥാനാർത്ഥിക്കും ഒരുപോലെ ഉപകാരപ്രദമാണു്. സത്യസന്ധനായ ഒരു വോട്ടറോടു് മനസ്സാക്ഷി അനുസരിച്ചു വോട്ടുചെയ്യണമെന്നു പറയുന്നതു് അനാവശ്യമാണു്. അങ്ങനെ ഉള്ള ഒരാളോടു് മനസ്സാക്ഷിക്കു വിപരീതമായി വോട്ടുചെയ്യണമെന്നാവശ്യപ്പെടുന്നതു് അപമാനകരമാണു്. പ്രതിനിധികളുടെ സ്വന്തം ഗുണത്തിനു വേണ്ടി മാത്രമാണു് പാർലിമെൻറിലേക്കു് പോകുന്നതെങ്കിൽ വോട്ടു യാചിക്കുന്നതിൽ അഭംഗിയില്ല. എന്നാൽ പൊതുജനസേവനത്തിനായിട്ടാണു് ഒരാൾ പാർലമെൻറിൽ പോകുന്നതെങ്കിൽ വോട്ടുയാചിക്കുക എന്നതു് അസംബന്ധമാകുന്നു. ആക്ഷേപകരമായ ഒരു പ്രാതിനിധ്യ സമ്പ്രദായം നിലവിലിരുന്ന കാലത്തു് ഇമ്മാതിരി വോട്ടുയാചിക്കൽ സ്വാഭാവികമായിരുന്നുവെന്നു കരുതാം. ഏതൊരു നീചസമ്പ്രദായത്തിൽനിന്നു് ആ പഴയ രീതി ഉടലെടുത്തുവോ ആ സമ്പ്രദായം തിരോഭവിച്ചതോടെപ്പം ആ രീതിയും സ്വയമേവ നീങ്ങിപ്പോകേണ്ടതാണു്. ഒരു ധർമ്മാലയത്തിലേക്കു് യാചകരെ കയററി വിടുകയെന്നതുപോലെയല്ല നിയമസഭയിൽ പ്രതിനിധികളെ അയക്കേണ്ടതെന്നു് വിപുലമായ വോട്ടവകാശം ലഭിച്ച നമ്മുടെ മഹത്തായ ജനത മനസ്സിലാക്കുമെന്നു് എനിക്കുറപ്പുണ്ടു്. ഒരു സ്ഥാനാർത്ഥിയുടെ മുഖസ്തുതിയിലും, ഭംഗിവാക്കിലും മയങ്ങി വോട്ടു നൽകുക എന്നതും പണം വാങ്ങിക്കൊണ്ടു വോട്ടു വിൽക്കുക എന്നു പറയുന്നതും തമ്മിൽ വ്യത്യാസമില്ല. ഒരു ന്യായാധിപൻ എന്തെല്ലാം പ്രലോഭനങ്ങളുണ്ടായാലും നീതിനിർവഹണത്തിൽ എങ്ങനെ അചഞ്ചലനായിരിക്കുന്നുവോ അതുപോലെ ഒരു ഇംഗ്ലീഷ്കാരൻ അവൻെറ വോട്ടു നൽകുന്നതിൽ അപ്രലോഭ്യനാകുന്ന കാലം ഉണ്ടാകട്ടെ എന്നു ഞാൻ ആശിക്കുന്നു. ഒരു വാദിയോ പ്രതിയോ ഒരു പ്രാഡ്വിവാകനെ പ്രേരിപ്പിച്ചു എന്ന കാരണത്താൽ കേസിൻെറ വിധി വ്യത്യാസപ്പെടുത്തുക എന്നതു് എത്രയോ ബീഭത്സമായ ഒരു കൃത്യമായിരിക്കും. എന്നു പറഞ്ഞതുപോലെ രാഷ്ട്രീയരംഗത്തോ പൊതുജീവിതത്തിലോ ഒരു സ്ഥാനാർത്ഥിയുടെ സ്വഭാവം ആക്ഷേപാർഹമെങ്കിൽ അങ്ങനെയുള്ള ഒരു വ്യക്തിക്കു് വോട്ടു നൽകുന്നതിനു് സമ്മതിദായകൻ സമ്മതിക്കുമോ? ആളിൻെറ വില നോക്കാതെ ഒരു സ്ഥാനാർത്ഥി നമ്മോടു കേണു വീണപേക്ഷിച്ചു എന്നതു് വോട്ടു നൽകുവാൻ ഒരിക്കലും പ്രേരകമാകരുതു്.

എൻെറ പൊതുജീവിതം ഏതെന്നു് ലീഡ്സിലെ ജനങ്ങൾക്കറിയാം. ഞാൻ ഉള്ളകാര്യം എപ്പോഴും ആരോടും തുറന്നു പറയുന്നതിൽ മടിക്കുന്നില്ല. എൻെറ സ്വഭാവവും നടത്തയും നിങ്ങൾക്കിഷ്ടമെങ്കിൽ, എൻെറ കഴിവിനെപ്പററി നിങ്ങൾക്കു പൂർണ്ണബോധ്യമുണ്ടെങ്കിൽ നിങ്ങൾ എന്നെ തിരഞ്ഞെടുക്കുക; എനിക്കു വേണ്ടിയല്ല, നിങ്ങൾക്കു വേണ്ടി. അങ്ങനെ എന്നെ തിരഞ്ഞെടുക്കുന്നപക്ഷം അതു് ഒരു ബഹുമതിയായി ഞാൻ പരിഗണിക്കും; പക്ഷെ സമ്മാനോപഭേദബന്ധങ്ങൾ കൊണ്ടു വോട്ടു സമ്പാദിച്ചു് പാർലമെൻറിലെ ഒരംഗമാകുക എന്നതു് ഒരു മാനമായി ഞാൻ കരുതുന്നില്ല.

"ഇക്കാലത്തു് വളരെ ഒച്ചപ്പാടുണ്ടാക്കിയ ഒരു കാര്യത്തെക്കുറിച്ചു ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. അതായതു് വാഗ്ദാനപ്രശ്നം. ഇതു സംബന്ധിച്ചു എൻെറ മുൻകത്തുകളിൽ എൻെറ അഭിപ്രായമെന്തെന്നു് ഞാൻ വ്യക്തമാക്കിയിട്ടുണ്ടു്. ഒരു കാര്യം ഞാൻ നിങ്ങളോടു് വ്യക്തമാക്കികൊള്ളട്ടെ. യാതൊരു വാഗ്ദാനവും ചെയ്യാൻ ഞാൻ തയ്യാറില്ല എന്നു് ഒരു പ്രമേയത്തെ ഞാൻ അനുകൂലിച്ചു കൊള്ളാമെന്നോ എതിർത്തു കൊള്ളാമെന്നോ, പറയുക എന്നെക്കൊണ്ടു സാധ്യമല്ല. ഇങ്ങനെ ഒരു തീരുമാനം ചെയ്യുന്നതിനുള്ള കാരണങ്ങളെ കൂടി ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ.

പ്രാതിനിധ്യഭരണരീതിയുടെ സൌന്ദര്യം സ്ഥിതിചെയ്യുന്നതു് ജോലിവിഭജനം എന്നതത്വത്തിലാണു്. ഒരു വൈദ്യൻ സാധാരണമനുഷ്യനെക്കാൾ ചികിത്സയിൽ നിപുണനായിരിക്കുന്നതുപോലെ, ഒരു ചെരിപ്പുകുത്തി സാധാരണമനുഷ്യനെക്കാൾ അവൻെറ ജോലിയിൽ സാമർത്ഥ്യമുള്ളവനായിരിക്കുന്നതുപോലെ, രാഷ്ട്രീയപ്രവർത്തകനു് സാധാരണമനുഷ്യനെക്കാൾ രാജ്യകാര്യങ്ങളിൽ പ്രാവീണ്യമുണ്ടായിരിക്കും. ഏതൊരുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെയും, നിയന്ത്രിക്കുവാൻ സാധാരണക്കാരനു് അവകാശമുണ്ടു്.

ഒരു ഡോക്ടരുടെ ചികിത്സകൊണ്ടുഗുണമില്ലെങ്കിൽ മററൊരു ഡോക്ടരെ ഏർപ്പാടുചെയ്യാൻ രോഗിക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ടു്. ഒരു ചെരുപ്പുകുത്തി നമുക്കിഷ്ടമില്ലാത്ത രീതിയിലാണു് ചെരിപ്പുണ്ടാക്കിത്തരുന്നതെന്നു കണ്ടാൽ ആ ചെരുപ്പുകുത്തിയെ മാററാൻ നമുക്കു സ്വാതന്ത്ര്യമുണ്ടു്. എന്നാൽ നമുക്കു പൂർണ്ണവിശ്വാസമുള്ള ഒരു ഡോക്ടരെവിളിച്ചുവരുത്തിയിട്ടു് നമുക്കിഷ്ടമുള്ള മരുന്നു നിർദ്ദേശിക്കുവാൻ ആ ഡോക്ടരോടു് നാം ആവശ്യപ്പെടുന്നതു് ഭംഗിയല്ല. അതുപോലെതന്നെ ഒരു ജോടിചെരിപ്പുണ്ടാക്കുവാൻ ചെരിപ്പുകുത്തിയെ ഏല്പിച്ചശേഷം അയാളുടെ അടുത്തിരുന്നു ഇങ്ങനെ തയ്ക്കണം എന്നു നാം നിർദ്ദേശം നൽകുന്നതു് എത്രയോ അനുചിതമാകുന്നു. അതുപോലെതന്നെ നാം ഒരു പ്രതിനിധിയെ തിരഞ്ഞെടുത്തയക്കുമ്പോൾ അയാളോടു തൊട്ടതിനെല്ലാം വാഗ്ദാനം ആവശ്യപ്പെടുന്നതു് വൃത്തികേടാണു്. ഒരാളെ തിരഞ്ഞെടുക്കുമ്പോൾ വളരെ കരുതിയും സൂക്ഷിച്ചു തിരഞ്ഞെടുക്കുക; തിരഞ്ഞെടുത്തതിനുശേഷം അയാളെ പൂർണ്ണമായ് വിശ്വസിക്കുക. നമ്മുടെ വിശ്വാസത്തിനും പ്രതീക്ഷയ്ക്കും വിപരീതമായിട്ടാണു് പ്രവർത്തിക്കുന്നതെന്നു കണ്ടാൽ, മേലിൽ അയാളെ തിരഞ്ഞെടുക്കാതിരിക്കുക!

ലീഡ്സിലെ ജനങ്ങൾ എന്നിൽ ഇമ്മാതിരി ഒരു വിശ്വാസം അർപ്പിക്കുന്നപക്ഷം അതിനെ വ്യഭിചരിപ്പിക്കുകയില്ലാ എന്നു് ഞാൻ ഉറപ്പുനൽകുന്നു. നിങ്ങളാവശ്യപ്പെടുന്നരീതിയിൽ വാഗ്ദാനങ്ങൾ ചെയ്തതിനുശേഷമേ വോട്ടു നൽകുകയുള്ളു എന്നാണു് പക്ഷമെങ്കിൽ നിങ്ങൾക്കതിനു സ്വാതന്ത്ര്യമുണ്ടു്. പക്ഷെ എന്നെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒന്നിനു ഞാൻ സന്നദ്ധനല്ലെന്നു് അറിയിച്ചുകൊള്ളുന്നു.

കാര്യങ്ങൾ ഇത്ര തെളിച്ചു പറഞ്ഞതുകൊണ്ടു് ഒരുപക്ഷെ നിങ്ങൾ എനിക്കു വോട്ടു നൽകിയില്ലാ എന്നു വരാം; എനിക്കതിൽ ഖേദമില്ല; നിങ്ങളുടെ സ്നേഹത്തെ ഞാൻ കൂടുതൽ വിലമതിക്കുന്നുണ്ടു്.

സ്വന്തം
ടി. ബി. മെക്കാളേ

ഈ എഴുത്തു ലീഡ്സിലെ ജനങ്ങളെ വല്ലാതെ ക്ഷുഭിതരാക്കി. അവർ പ്രതിഷേധയോഗങ്ങൾകൂടി. ചിലർ ഭീഷണിപ്പെടുത്തി. ഒരാഴ്ച കഴിഞ്ഞു മെക്കാളെ വീണ്ടും ഒരെഴുത്തുകൂടി എഴുതി. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

(ശേഷം 12-ാം പേജിൽ)

(7—ാംപേജിൽനിന്നും)

വിഭവങ്ങളെല്ലാം ചൂഷണം ചെയ്യുന്നതു ബർമ്മാ എണ്ണക്കമ്പനിപോലെയുള്ള ബ്രിട്ടീഷ് കമ്പനികളാണു. ബ്രിട്ടീഷ്കാരും, ഇൻഡ്യക്കാരും ചൈനാക്കാരുമാണു ബർമ്മായുടെ സാമ്പത്തികഘടനയുടെ കടിഞ്ഞാൺ പിടിക്കുന്നതു. ചുരുക്കത്തിൽ, സ്വന്തംനാട്ടിൽ, മററുള്ളവരുടെ വെള്ളംകോരികളും വിറകുവെട്ടികളുമെന്ന നിലയാണു ബർമ്മാക്കാരുടേതു. ഇതിൽനിന്നും ബർമ്മീസ്സ ജനതയെ ഉദ്ധരിക്കണമെന്നും, സോഷ്യലിസ്ററു സമ്പ്രദായത്തിലുള്ള സാമ്പത്തിക വ്യവസ്ഥകെട്ടിപ്പടുക്കണമെന്നും, ബർമ്മായുടെ ഇന്നത്തെ നേതാക്കന്മാർ ആഗ്രഹിക്കുന്നുണ്ടു്. എന്നാൽ കഴിഞ്ഞ യുദ്ധത്തിൽ ബർമ്മയാണു്, തെക്കുകിഴക്കൻ ഏഷ്യയിൽ, ഏററവും കൂടുതൽ പരുക്കുകളേററ രാജ്യം. പല പ്രാവശ്യത്തെ ജപ്പാൻ ആക്രമണങ്ങളും, ബ്രിട്ടീഷ് പ്രത്യാക്രമണങ്ങളും, ബർമ്മാക്കാർ തന്നെ പ്രയോഗിച്ച ചുട്ടെരിപ്പുൻനയവുംകൂടി ചേർന്നു ബർമ്മായുടെ സാമ്പത്തികഘടനയെ താറുമാറാക്കിയിരിക്കയാണു്. ഈ സ്ഥിതിയിൽ രാജ്യത്തെ പുനരുദ്ധരിക്കുന്നതിനു വിദേശികളുടെ സഹായം തേടേണ്ടതായി വന്നിരിക്കയാണു്. ബർമ്മായുടെ പുനരുദ്ധാരണത്തിനുവേണ്ടി 8 കോടി 70 ലക്ഷം പവൻ, പലിശയില്ലാതെ ബ്രിട്ടൻ കടം കൊടുത്തിട്ടുണ്ടു്. ഇതു വളരെ നിസ്വാത്ഥമായിട്ടല്ലന്നും, ബർമ്മയുടെ സാമ്പത്തിക ജീവിതത്തിന്മേൽ ബ്രിട്ടന്റെ പിടിമുറുക്കുവാനാണെന്നും ബർമ്മാക്കാർമനസ്സിലാക്കിയിട്ടുണ്ടു്. എന്നാൽ സോഷ്യലിസം നടപ്പാക്കുന്നതോടുകൂടി ഈ ബന്ധങ്ങളെല്ലാം അവസാനിപ്പിക്കാമെന്നാണവർ പ്രതീക്ഷിക്കുന്നതു്. സൈനികമായും ചില സൌജന്യങ്ങൾ ബ്രിട്ടൻ കരസ്ഥമാക്കിയിട്ടുണ്ടു്. ചില താവളങ്ങൾ ബ്രിട്ടന്റെ ഉപയോഗത്തിനു വിട്ടുകൊടുക്കുവാനും യുദ്ധകാലത്തു ബ്രിട്ടീഷ്സൈന്യങ്ങളെ സഹായിക്കുവാനും ബർമ്മാസമ്മതിച്ചിരിക്കയാണു് ഇങ്ങനെ ചില പരിമിതികളുണ്ടെങ്കിലും, ബർമ്മാ യഥാത്ഥത്തിൽ സ്വാതന്ത്ര്യത്തിന്റെ രാജവീഥിയിൽ കാൽവെച്ചു കഴിഞ്ഞിരിക്കയാണു്. ഇൻഡ്യയുടെ സ്വാതന്ത്ര്യലബ്ധി ബർമ്മായുടെയും സിലോണിന്റെയും സ്വാതന്ത്ര്യത്തിലേക്കു വഴിതെളിച്ചിരിക്കുന്നതു സന്തോഷകരമാണു്. ഇൻഡ്യാ ബർമ്മ, സിലോൺ എന്നിങ്ങനെ തെക്കുകിഴക്കൻ ഏഷ്യയിലെ രാജ്യങ്ങൾ ഒന്നൊന്നായി സ്വാതന്ത്ര്യം പ്രാപിക്കുന്നതു, ഈ രാജ്യങ്ങളെ തമ്മിൽ കൂടുതൽ ദൃഢമായ ബന്ധങ്ങളിൽ ഏർപ്പെടുത്തുവാൻ സഹായിക്കുമെന്നു പ്രതീക്ഷിക്കാം. ബർമ്മയുടെ സ്വാതന്ത്ര്യസമരത്തിലെ അവസാന അദ്ധ്യായം രചിച്ചു, ജനറൽ ആങ്ങ്സാൻ, സ്വാതന്ത്ര്യബർമ്മാജനിക്കുന്നതുവരെ ജീവിക്കുവാൻ അനുവദിക്കപ്പെട്ടില്ലന്നുള്ളതുമാത്രം വേദകരമാണു്.

....0....

അച്ചടിസംബന്ധമായ കുഴപ്പംനിമിത്തം മകരം 4-ാംതീയതിയിലെ ലക്കം വാരിക പുറപ്പെടുവിച്ചിട്ടില്ല.

## കൊൽഹാപൂരം

രണ്ടുമാസം മുൻപുനടന്ന ഉഗ്രമായ ജനകീയസമരം ഒരു രാജിയിൽ കലാശിച്ചു. ദിവാനുൾപ്പെടെ എട്ടുമന്ത്രിമാരുള്ള മന്ത്രിസഭയിൽ നാലുമന്ത്രിസ്ഥാനങ്ങൾ സ്വീകരിച്ചുകൊണ്ടും, പട്ടാളത്തിന്റെഭരണവും പഴയ വോട്ടവകാശവ്യവസ്ഥയിൽ തെരഞ്ഞെടുക്കപ്പെടുന്ന സമിതിരൂപീകരിക്കുന്ന ഭരണഘടനസ്വീകരിക്കുന്നതിനും തിരസ്കരിക്കുന്നതിനുമുള്ള അധികാരം രാജാവിനുതന്നെ വിട്ടുകെടുത്തുകൊണ്ടുമുള്ള രാജിവ്യവസ്ഥകൾ തകർന്നുകൊണ്ടിരിക്കുന്നു. അത്ര മന്ത്രിസഭയിൽചേർന്ന പ്രജാപരിഷത്തു് നേതാക്കന്മാരിൽ ചിലർ സ്ഥാനംരാജി കൊടുത്തുപിന്മാറിയിരിക്കുന്നു. ജനങ്ങൾക്കുവേണ്ടികാര്യമായി യാതൊന്നുംചെയ്യുവാൻ അധികാരമില്ലാത്ത മന്ത്രിസഭയാണെന്നും പ്രജാപരിഷത്തു് പ്രസിഡണ്ടിന്റെ വിക്രിയകളുമാകുന്നു ഇതിനെല്ലാം കാരണമെന്നുംപറയുന്നു.

## പുതുക്കോട്ട

ഇൻഡ്യാഗവർമ്മെൻറിന്റെ നാട്ടുരാജ്യവകുപ്പ് ഇടപെട്ടതിന്റെ ഫലമായി പുതുക്കോട്ടയിൽ ഒരു സന്ധിയുണ്ടാവുകയും ഭരണഘടനാനിർമ്മാണസമിതിയും ഉത്തരവാദഭരണവും അനുവദിച്ചുകിട്ടുകയും, ഇടക്കാലത്തേക്കു സർദാർ പട്ടേൽ നിയമിക്കുന്ന ഒരു ദിവാനെ ഭരണമേല്പിക്കുവാൻ വ്യവസ്ഥയുണ്ടാവുകയും ചെയ്തിരിക്കയാണല്ലോ. ഈ വ്യവസ്ഥകളെല്ലാം നടപ്പിൽ വരുന്നതിനുമുൻപു അവിടത്തെ സ്റ്റേറ്റുകോൺഗ്രസ്സിൽ പിളർപ്പുകളുണ്ടായിരിക്കുന്നു. കോൺഗ്രസ്സ് പ്രസിഡണ്ടായ ശ്രീ. വി. കൃഷ്ണമൂർത്തിഅയ്യരെ തൽസ്ഥാനത്തുനിന്നു ബഹിഷ്കരിച്ചു പുതിയ പ്രസിഡണ്ടായി ശ്രീ. വള്ളത്തരശുവിനെ തെരഞ്ഞെടുത്തിരിക്കുന്നതായി ഒരു റിപ്പോർട്ടിൽ പറയുന്നു. ശ്രീ. വള്ളത്തരശുവിനെ ശിക്ഷണനടപടിഎടുത്തു കോൺഗ്രസ്സിൽ നിന്നും 'ബഹിഷ്കരിച്ചിരിക്കുന്നുവെന്നു. ശ്രീ. കൃഷ്ണമൂർത്തി അയ്യരിൽ ബഹുഭൂരിപക്ഷത്തോടെ വിശ്വാസപ്രകടനം നടത്തിയിരിക്കുന്നെന്നും മറെറാരു റിപ്പോർട്ടിലും പറയുന്നു. പുതുക്കോട്ടസ്റ്റേറ്റുകോൺഗ്രസ്സാണു ഇതു രണ്ടും ചെയ്തിരിക്കുന്നതായികാണുന്നതു്

....o....

(4—ാംപേജിൽനിന്നും തുടർച്ച)

തിനുള്ള സൃഷ്ടിപരമായ യത്നങ്ങളിൽ ചിലതെല്ലാമാണു മേൽവിവരിക്കപ്പെട്ടിരിക്കുന്നതു്

അറുപതു കൊല്ലങ്ങളായി അടിമത്തത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കു നീങ്ങിത്തുടങ്ങിയ ഇൻഡ്യയുടെ അവിഭാജ്യഘടകങ്ങളായ സ്ഥാപനങ്ങളാണു് ററാ ററാ കമ്പനിയുടെ വകയായിട്ടുള്ളതു് ഈ കമ്പനിയെപ്പററി ഇൻഡ്യാക്കു ന്യായമായും അഭിമാനം കൊള്ളാം.

...0...

For your requirements

in Aluminium, Brass ware and Copper utensils and other fancy articles please Call at

Prased & Mohan, Kalarikal Bazar, Kottayam.

ജയക്കൊടി

By

കിളിമാനൂർ എൻ കേശവൻ.

നേതാജി; പതാകവന്ദനം; ഗാന്ധിസന്ദേശം തുടങ്ങിയ പത്തു രാഷ്ട്രീയ കവിതകൾ.

ഇനി കുറച്ചുപ്രതികൾമാത്രം. വില എട്ടണ ഗ്രന്ഥകർത്താവിനോടു് നേരിട്ടപേക്ഷിക്കുക.

'ജനശബ്ദം'

കമ്മ്യൂണിസ്ററുപാർട്ടിയുടെ മുഖപത്രം

പത്രാധിപർ സഖാവ് പി. ററി. പുന്നൂസ്

ശനിയാഴ്ച പുറത്തു വരുന്നു.

തിരുവിതാംകൂറിലെ ബഹുമുഖങ്ങളായ പ്രശ്നങ്ങളെ ജനശബ്ദത്തിലൂടെ പുറത്തുകൊണ്ടുവരികയാണു് പ്രസ്തുത വാരികയുടെ ഉദ്ദേശം.

"ജനശബ്ദം" തിരുവിതാംകൂർ ജനതയുടെ ഭാവി നിർണ്ണയിക്കുന്നതിൽ അതിന്റെ പങ്കു സുധീരം നിറവേററാൻ സകല കഴിവുകളും ഉപയോഗിക്കും

"ജനശബ്ദം" തിരുവിതാംകൂറിന്റെ ജനശബ്ദമായിതന്നെ ഇരിക്കും.

ഏജൻസി വ്യവസ്ഥകൾക്കും മററും ഉടൻ അപേക്ഷിക്കുക.

മാനേജർ "ജനശബ്ദം"

C/o Communist party office, TRIVANDRUM.

(3—ാംപേജിൽ നിന്നും)

ജനകീയമായ ഐക്യകേരളം സ്ഥാപിച്ച്, കേരളത്തിലെ സാധുലക്ഷങ്ങളെ ഉയർത്തുവാൻ പുരോഗമനവാദികൾ മുറവിളികൂട്ടുമ്പോൾ, ബ്രിട്ടീഷ് കമ്മട്ടത്തിലടിച്ച കള്ളനാണയവുമായി പിന്തിരിപ്പന്മാർ രംഗത്തിറങ്ങുന്നതിൽ എന്തത്ഭുതപ്പെടുവാനുണ്ട്. ഐക്യകേരളം ആസന്നഭാവിയിൽ ഉണ്ടാകേണ്ട ഒരു കാര്യമല്ല, വല്ല കാലാന്തരത്തിൽ ഉണ്ടായാൽ മാത്രംമതി, അന്നുവരെ നമുക്കൊന്നടങ്ങിച്ച് ഇവിടെ താമസിക്കാം എന്ന പിന്തിരിപ്പൻനേതാക്കന്മാർ പ്രസംഗിക്കുന്നതും എന്തുകൊണ്ടെന്നു വ്യക്തമാണല്ലൊ? വിദേശികൾ കൊള്ളലാഭമടിക്കുന്ന കണ്ണൻദേവൻ കമ്പിനിതുടങ്ങിയ, ഭാരിച്ച ആദായമാർഗ്ഗങ്ങൾ ദേശീയമാക്കുന്നതിൽ ഞങ്ങൾക്കു വിരോധമില്ല, എന്നു പറഞ്ഞു ഭാരമിറക്കുന്ന ദേശീയനേതൃത്വം തന്നെ, നാട്ടിലെ ബഹുഭൂരിപക്ഷം സാധുക്കളേയും അധികാരദാഹത്താൽ വിസ്മരിച്ചുപോയി എന്നുവേണം വിചാരിക്കുവാൻ. കുടിയിറക്കൽ നയത്തിനു തന്നി മുതലാളിത്തരീതിയിൽ വ്യാഖ്യാനം നൽകുന്ന ഒരു പ്രകടനപത്രികകൊണ്ട് കിടക്കുവാൻ ഇടവും കുടിക്കുവാൻ കഞ്ഞിയും ഇല്ലാതെ പരക്കം പായുന്ന നാട്ടിലെ ബഹുഭൂരിപക്ഷത്തിനും എന്തു ലഭിക്കുവാൻ പോകുന്നു.

തിരുവിതാംകൂറിലെ, ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്ന ബഹുശതം യുവാക്കൾക്കും, ജനായത്ത സിദ്ധാന്തങ്ങളിൽ അടിയുറച്ച ഉത്തരവാദഭരണ സ്ഥാപനത്തിനോടൊപ്പം, ജനകീയമായ ഐക്യകേരളം കെട്ടിപ്പടുക്കേണ്ടതും അത്യാവശ്യമാണ്. തിരുവിതാംകൂർ സ്വയം പര്യാപ്തമാണെന്നും, ഐക്യകേരളംകൊണ്ട് നമുക്കു ഗുണമൊന്നുമില്ല. വരാനിടയുള്ളൂ, പ്രത്യുത സാമ്പത്തികമായി വളരെയധികം അധഃപതിച്ചുപോകമെന്നുമുള്ള സർ. സി. പി. യുടെ വാദഗതിയുമായി സ്റ്റേററുകോൺഗ്രസിലെ പുതുക്രിസ്ത്യാനികൾ പ്രസംഗപീഠങ്ങളിൽ കയറുന്നതു്, നമ്മുടെ യുവതയെ നാശഗർത്തത്തിലേക്കു തള്ളുവാനല്ലാതെ മറെറന്തിനാണ്. ശമ്പളത്തിന്റെ അഞ്ചും ആറും ഇരട്ടി കൈക്കൂലി ലഭിക്കുന്ന ഒരു ഉദ്യോഗസ്ഥൻ, അഞ്ചൽശിപായിക്കു് അവശത ഒന്നുമില്ല. എന്നു പറയുന്നതിനു് തുല്യമാണു്. ഇത്തരം പ്രസ്താവനകൾ തിരുവിതാംകൂറിൽ, പരമദാരിദ്ര്യത്താൽ വലമ്പിച്ച ഒരു ഭൂരിപക്ഷം ആളുകളും കഷ്ടാൽകഷ്ടതരമായ ജീവിതം നയിക്കുമ്പോൾ, ഇതരരാഷ്ട്രീയ പാർട്ടികളോടുള്ള പ്രത്യക്ഷമായ വൈരാഗ്യത്താൽ പ്രസംഗവേദികളിൽ കയറി കോമരംതുള്ളൽ അഭിനയിക്കുന്ന നേതാക്കന്മാർ, നിത്യസത്യങ്ങളായ ദാരുണസംഭവങ്ങൾ മറച്ചുവക്കുന്നതാണു് നിർഭാഗ്യകരം, ഒരിടങ്ങഴി അരിക്കു രണ്ടുരൂപയും, ഒരുറാത്തൽ കപ്പക്കു് ഏഴു ചക്രവും കൊടുക്കുവാൻ നിർവാഹമില്ലാതെ തൊഴിലാളിവർഗ്ഗം ഇഞ്ചിഞ്ചായി മരിക്കുമ്പോൾ, സാമ്രാജ്യത്വത്തിന്റെ ചെരിപ്പുനക്കികളെ സ്ഥാനാർത്ഥികളായിനിറുത്തി, അവരെജയിപ്പിക്കുവാൻ സർവ്വകഴിവുകളും ദേശീയനേതൃത്വം ഉപയോഗിക്കുന്നതെന്തുകൊണ്ടാണു്. അമ്പലപ്പുഴച്ചേർത്തലതാലൂക്കുകളിൽ അനേകായിരങ്ങൾ ജോലിയില്ലാതെ അലഞ്ഞുതിരിയുന്നതു നോക്കിക്കണ്ടിട്ടും' ഐക്യകേരളംകൊണ്ടു് മലബാർകാർക്കും കൊച്ചിക്കാർക്കുമാണു് മേന്മലഭിക്കുവാൻ പോകുന്നതു്, തിരുവിതാംകൂർ എന്തിലും സ്വയം പര്യാപ്തമാണു് എന്ന സർ. സി. പിയുടെ കിങ്കരന്മാർ സ്റ്റേററുകോൺഗ്രസ്സ് യോഗങ്ങളിൽ തട്ടിവിടുന്നതാണു് ലജ്ജാവഹം. നിയന്ത്രണം നീക്കിയതിനാൽ അരിക്ഷാമമില്ലെന്നു് — മലബാറിൽ സ്റ്റോക്കെടുപ്പായിട്ടും....ജനങ്ങളെ ധരിപ്പിക്കാൻ മദ്രാസ് ഗവൺമെൻറു ചെയ്യുന്ന ശ്രമങ്ങൾപോലെ, ഇത്തരം പ്രസ്താവനകളിൽ അടങ്ങിയിരിക്കുന്ന വൻചതിവുകളും പുറത്തുവരേണ്ടിയിരിക്കുന്നു. യഥാസ്ഥിതികന്മാർക്കും കരിഞ്ചന്തക്കാർക്കും, കൈക്കൂലിക്കാർക്കും ഐക്യകേരളംകൊണ്ടു ദോഷമാണു് വരാനിടയുള്ളതെങ്കിലും, നമ്മുടെ നാട്ടിലെ, ഉദ്യോഗമില്ലാതെ അലഞ്ഞുതിരിയുന്ന അഭ്യസ്തവിദ്യർക്കും, മാനമായി ജോലി ചെയ്തു ജീവിക്കുവാൻ സാധിക്കാത്ത കൂലിക്കാരനും, കൃഷിക്കു ഭൂമിയില്ലാതെ വലയുന്ന കർഷകനും, പുരോഗതിയുടെ ദിവ്യസന്ദേശവുമായിട്ടു് പറന്നു് അടുക്കേണ്ടിയിരിക്കുന്നു.

...0...

# കൃഷീവലൻ

(കേക)

(സാഹിത്യവിശാരദ് കെ. പി. നായർ, ഏററുമാന്നൂർ)

പൂർവ്വദിങ് വധൂടിയാൾ തൂമന്ദഹാസം തൂകി—
ബാലഭാസ്കര ബിംബം ചുംബിപ്പാൻ മുതിരവേ;
വൃക്ഷകോടരങ്ങളിൽ പക്ഷികൾ നവഗീത—
മുൽക്കടാമോദം പാടി കാല്യത്തെ സ്തുതിക്കവേ;
ഭൂതലം വിളിക്കുന്ന കർഷകാ! ഭവാനെയു—
ക്കത്തുകംവളർത്തുന്ന കല്യക്രജനങ്ങളാൽ.
നിൻമുഖം കണ്ടു, വാനിൽ താരങ്ങൾ വിളറുന്നു:
നിൻ നടകണ്ടിട്ടാവാം വല്ലികളുലയുന്നു.
ആയുന്നാടകത്തിലെ രംഗമൊന്നിതാ! തീരെന്നോ—
ന്നോതുന്ന കാകൻ നിന്റെ ശോഷിച്ചകോലംകാണ്കെ!
വിശ്രമംതേടീടുന്ന കാളകളെഴുന്നേല്പൂ—
വിശ്വഭാരമെത്തപ്പേറും നിന്നുടെ സാന്നിദ്ധ്യത്താൽ.
പോകുന്നു ഭവാൻ പാടം തന്നിലേയ്ക്കുഴവാനാ—
യാട്ടന്നു നെല്ലിൻ കൂട്ടം ഭവദാഗമം നോക്കി,
പുഞ്ചിരിപ്പൂക്കളാൽ നിന്നുടെ പരിശ്രമം
നന്നുനന്നെന്നു ഘോഷിപ്പൂ നീ നട്ടതരുവൃന്ദം.
നിത്യവും ശ്രമിപ്പോരു കർഷകാ! ഭവാനുടെ—
കൃത്യത്തെ സ്തുതിപ്പോരും ദുർല്ലഭമിബ്ഭൂമിയിൽ
ജയിപ്പൂ ഭവാനെന്നും ലസിപ്പൂ ഭവൽശ്രമം—
സ്തുതിപ്പൂഭവൽ കീർത്തി പാരിടം ദൈനന്ദിനം.

(11ാംപേജിൽ നിന്നും)

ത്തോ എതിർത്തു, മർദ്ദിതരുടെ സ്വരമുയർത്തിയ ആശാനെ ദേശീയത്വത്തിന്റെ പേരിൽ കവിതകളെഴുതി അവസാനം ഒരു അരാജകവാദിയുടെ പ്രതീതി ജനിപ്പിച്ചശേഷം തിരുനാൾ മംഗളശ്ലോകങ്ങൾ തുടങ്ങിയ സ്തുതിഗീതങ്ങൾ എഴുതി പിന്തിരിപ്പന്മാരുടെയും പുരോഗമനവാദികളുടെയും ഒരുപോലുള്ള പ്രശംസക്കു കാത്തുകിടക്കുന്ന വള്ളത്തോളിന്റെ ചേരിയിലാക്കുവാൻ ശ്രമിക്കുന്നതു എന്തുകൊണ്ടാണ്?

പി. എൻ. സുകുമാരൻ.

...0...

സർ,

തിരുവല്ലാ ഡിവിഷൻ കമ്മററി സെക്രട്ടറി മി. കെ. ഈ. മാമ്മന്റെ ഒരു പ്രസ്താവനയെ, തിരുനക്കരയോഗത്തിൽ മി. സി. കേശവൻ പരാമർശിക്കുകയുണ്ടായി: മി. ശിവതാണുപിള്ളയെ കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി നിറുത്തിയിരിക്കുന്നുവെന്നു്, ആ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നെന്നും, സ്വതന്ത്രതിരുവിതാംകൂറിനെ അനുകൂലിക്കയും സർ സി. പി. യുടെ പുറകേ നടക്കുകയും മററും ചെയ്ത ശിവതാണുപിള്ളയെ സ്റ്റേററുകോൺഗ്രസ്സല്ല, തമിഴ്നാട്ടുകോൺഗ്രസ്സാണു്, സ്ഥാനാർത്ഥിയായി നിറുത്തിയിരിക്കുന്നതെന്നും, ഇങ്ങനെയാണു് ഓരോരുത്തർ സ്റ്റേററുകോൺഗ്രസ്സിനെ ദൂഷിക്കുന്നതെന്നും മി. കേശവൻ പറഞ്ഞു. മി. മാമ്മന്റെ പ്രസ്താവനയിലെ ആ ഭാഗം ഇങ്ങനെയാണു്:- ‘’നാരായണിയമ്മ, എം ഗോവിന്ദൻ, ആദിച്ചൻ, ശങ്കർ ശിവതാണുപിള്ള തുടങ്ങിയ അനേകം പിന്തിരിപ്പൻമാരെയും ഇന്നലെവരെ സ്റ്റേററുകോൺഗ്രസ്സിനെതിരായി പ്രവൃത്തിച്ചവരെയും സ്റ്റേററുകോൺഗ്രസ്സ് സ്ഥാനാർത്ഥികളായി നിറുത്തിയിരിക്കുന്നു!” മി. മാമ്മന്റെ പ്രസ്താവനയിൽ ശിവതാണുപിള്ളയുടെ പേർ എങ്ങനെയോ അബദ്ധത്തിൽ കടന്നുകൂടിയതായിരിക്കണം. എന്നാൽ മി. കേശവൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, ശിവതാണുപിള്ളയെ മാത്രം പൊക്കിക്കാണിച്ചിട്ടു സൂത്രത്തിൽ കടന്നുകളഞ്ഞതു്, തീരെ ഭംഗിയായില്ല. സ്വതന്ത്രതിരുവിതാംകൂറിനെ അനുകൂലിക്കയും സർ സി. പി. യുടെ പുറകെ നടക്കുകയും ചെയ്ത മറെറത്രയോപേരെപ്പററി മി. മാമ്മൻ പറഞ്ഞിട്ടുണ്ടു്. അവരെപ്പററി എന്തുകൊണ്ടാണു, അദ്ദേഹം ഒരക്ഷരംപോലും മിണ്ടാഞ്ഞതു്?

ഡി. സി. കിഴക്കേമുറി.

In these changing times
a deposit with
ORIENT CENTRAL BANK Ltd,
Kottayam
will remain unaffected by fluctuations.

# THE PRASANNA KERALAM.

Vol: 9 | Kottayam 18th January 1948 | No. 4


## ഇന്ത്യയിലെ വൻകിട വ്യവസായങ്ങൾ

നമ്മുടെ സാമ്പത്തികസ്ഥിതിയും അങ്ങിനെ നമ്മുടെ ഭാവിയും അതിന്റെ പിടിയിലാണ്.

(വൈക്കം കെ. ചന്ദ്രശേഖരൻനായർ)

(തുടർച്ച)

...ണം, തേയില, കൽക്കരി, എൻജിനീയറിംഗ്, എക്സ്ചേഞ്ച് ബാങ്കുകൾ, വിദേശ വ്യാപാരം ഇവയെല്ലാം അവർ കയ്യടക്കം ചെയ്തിരുന്നു. ഇൻഡ്യയിൽ പിന്നീടുണ്ടായ വ്യവസായങ്ങൾക്ക് ഈ വൻകിട വ്യാപാരങ്ങളുടെ എതിർപ്പ് ആദ്യന്തം കാണേണ്ടിവന്നിട്ടുണ്ട്. എന്നാൽ യുദ്ധകാലത്താകട്ടെ ഇൻഡ്യൻ വൻകിട വ്യവസായം സ്വയം കേന്ദ്രീകരണം സാധിക്കയും ബ്റിട്ടീഷ് ഏജൻസികളെ വെല്ലുവിളിക്കയും ചെയ്തു. ഇതെങ്ങനെ സാധിച്ചുവെന്നു വിവരിക്കുക സാധ്യമല്ല. യുദ്ധകാലത്തെ ഗവൺമെന്റിന്റെ ഭാരിച്ച ചെലവുകൾമൂലം ഇറക്കുമതികൾക്കു വന്ന സ്തംഭനംമൂലം ഇൻഡ്യൻവ്യവസായങ്ങൾ നിയമാനുസൃതമായും ബ്ലാക്ക് മാർക്കറ്റിലും അമിതമായ കൊള്ളലാഭമടിക്കുകയുണ്ടായി, ഇതിൽ ഒരു ചെറിയ അംശം മാത്രമെ നികുതിയായി പിരിച്ചിരുന്നുള്ളു. ഗവൺമെന്റുമായുള്ള കൺട്രാക്റ്റുകളിൽ 90 ശതമാനവും ഇൻഡ്യൻ വ്യവസായങ്ങൾക്കാണ് ലഭിച്ചിരുന്നത്. ഇതിന്റെ ഫലമായി വൻ തുകകൾ കയ്യടക്കം ചെയ്യുകയും ആ പണംകൊണ്ടു പുതിയ ഫാക്ടറികൾ സ്ഥാപിക്കുകയും ചെയ്തു. ഇതും ചെറിയ കമ്പനികളെ പിടിച്ചടക്കുകയും ബ്റിട്ടീഷ് മാനേജിംഗ് ഏജൻസികളെ തുരത്തിയും സ്വന്തം താൽപര്യങ്ങളെ വിപുലമായ പരിധിയിൽ പിടിച്ചെടുക്കുവാനുള്ള ഒരു വഴിതന്നെയായിരുന്നു. എന്നാൽ ബ്റിട്ടീഷ് ഏജൻസികളും ബ്റിട്ടീഷ് ബാങ്കുകളും ഇതേ സമയം പ്രബലമായി വന്നുകൊണ്ടേയിരുന്നു. യുദ്ധകാലത്തെ ലാഭങ്ങൾ അവർക്കും ലഭിച്ചിരുന്നു. പക്ഷെ ഇൻഡ്യയിലെ അവരുടെ എതിരാളികളുമായി കിടനിൽക്കുവാൻ കഴിഞ്ഞില്ലെന്നുമാത്രം.

### ബ്റിട്ടീഷ് കുത്തകക്കാരുടെ നയം

ഇംഗ്ലണ്ടിലുള്ള ഉയർന്ന തരം ബ്റിട്ടീഷ് കുത്തകക്കാർ ഇൻഡ്യയിൽ ബ്റിട്ടീഷ് താൽപ്പര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പുതിയ നയം കൈക്കൊണ്ടു. ഇതിന് Delaying Action എന്നാണ് പറയുക. അതായതു് യുദ്ധകാലത്തിനു ശേഷം ആരംഭിക്കുവാൻ പോകുന്ന വ്യാപാരശാഖകളിൽ കൂടി ഇൻഡ്യയിലെ വൻകിട വ്യവസായങ്ങളിൽ പങ്കുചേരുവാൻ ശ്രമിച്ചു തുടങ്ങി. ഇതിന്റെയെല്ലാം ഫലമായി ആൻഡ്റൂയൂൾ തുടങ്ങിയുള്ള വലിയ മാനേജിംഗ് ഏജൻസികൾ പ്രാബല്യമാർജ്ജിച്ചുവരികയാണ്. മറ്റു ചിലർ ഇൻഡ്യയിൽ പങ്കുകാരെ അന്വേഷിക്കയാണ്. ബലഹീനങ്ങളായുള്ളവയെ ഭയങ്കരമായുള്ള ഇൻഡ്യൻ വ്യവസായികൾക്കു തന്നെ വിൽക്കുകയും ചെയ്യുന്നു. ഇതേ സമയം ബ്റിട്ടീഷ് വൻകിട വ്യവസായ സംഘങ്ങൾ തങ്ങളുടെ അന്തർ രാഷ്ട്രീയമായ ബന്ധങ്ങളോട് ഇൻഡ്യയിലെ വൻകിട വ്യവസായ സംഘങ്ങളുമായി പങ്കുചേരുകയും ചെയ്തുവരുന്നു.

ഉദാഹരണത്തിനു ഇംപീരിയൽ കെമിക്കൽ ഇൻഡസ്ട്രീസ് റ്റാറ്റായോടും നഫീൽഡ് മോട്ടോഴ്സ് ബിർളായോടും കൂട്ടുചേരുന്നു. 'ടെക്സ്റ്റൈൽമെഷിനറി മേക്കേഴ്സ് ലിമിററഡ്' ബോംബെയിലെയും അഹമ്മദാബാദിലെയും കച്ചവട സംഘക്കാരുമായും ജോൺബ്റൌൺസ്, കപ്പൽ നിർമ്മാണക്കാർ സിൻഡിലെ അബ്ദുള്ളാഹാരൂണുമായും ചില അമേരിക്കൻ വൻകിടവ്യവസായികൾ ഇൻഡ്യയിലെ അവരുടെ തരക്കാരോടും ബന്ധം പുലർത്തിവരികയാണ്.

### നമ്മുടെ ഭാവി

മുതലാളിത്ത ലോകമൊന്നാകെ ബ്രിട്ടന്റെയും അമേരിക്കയുടെയും കുത്തകക്കച്ചവടത്തിന്റെ പിടിയിലായിക്കഴിഞ്ഞിരിക്കുന്ന ഒരവസരത്തിൽ വളർന്നുവന്നിട്ടുള്ള ഇന്ത്യയിലെ വൻകിടവ്യവസായങ്ങൾക്കു ലോകവിപണിയിലെ കുത്തകക്കാരിൽനിന്ന് ഒററപ്പെട്ടുനിന്ന് വളരുവാനും അഭിവൃദ്ധിപ്പെടുവാനും സാദ്ധ്യമല്ലന്നെ. അവ വൻകിടവ്യവസായങ്ങളായി തീർന്നുതന്നെ അന്തർരാഷ്ട്രീയ വ്യവസായശക്തികൾക്കു കീഴടങ്ങുവാൻ മാത്രമാണ്. അവയുടെ മുമ്പിൽ ഇന്ത്യൻവ്യവസായം ശക്തിഹീനമായ ഒന്നുമാത്രമാകുന്നു. അതുകൊണ്ട് ഇന്ത്യയിൽ വൻകിടവ്യവസായങ്ങൾക്കുള്ളശക്തി, അന്തർരാഷ്ട്രീയമായ കുത്തകവ്യവസായത്തിന്റെ ശക്തിയാണ്. അന്തർരാഷ്ട്രീയമായ ഈ കുത്തകവ്യവസായമാകട്ടെ ലോകമാകപ്പാടെ കുത്തകസമ്പാദിക്കുവാൻ തല്പരപ്പെടുകയാണ്. വിപുലമായ ഈ കുത്തകസമ്പ്രദായം ഇന്ത്യൻവൻകിടവ്യവസായങ്ങളെ, ഇന്ത്യയെ ശരിയായ വിധത്തിൽ വ്യാവസായികരിക്കുവാൻ അനുവദിക്കയില്ലെന്നുള്ളതു് വ്യക്തമാണ്. നമ്മുടെ വ്യാപാര ശാഖകൾ വികസിക്കുവാനും ഉൽപാദനോപകരണങ്ങൾ നിർമ്മിക്കുവാനും അതു് സമ്മതിക്കയില്ല. സ്വന്തംതാൽപര്യത്തിനൊത്ത മറുനാട്ടിലെ ഉൽപ്പന്നങ്ങൾ ഇവിടെ ഇറക്കുമതിചെയ്തു കൊള്ളക്കച്ചവടം നടത്താൻ ഇന്ത്യൻ വ്യവസായികളുമായി കൂട്ടുകൂടുകയായിരിക്കും അതു് ചെയ്യുക.

....o....

(ഒന്നാംപേജിൽനിന്നും)

'ഒരു സ്ഥാനാർത്ഥിക്ക് ഏററവും എളുപ്പമുള്ള കാര്യമാണ് വിവിധവിഷയങ്ങളെപ്പററി അഭിപ്രായം പറയാതിരിക്കുക എന്നതു്. പറഞ്ഞതിരു എങ്കിൽ ഒരുമാതിരി 'ഒഴപ്പി' പറഞ്ഞു വിടാവുന്നതുമാണ്. വാഗ്ദാനം ചെയ്യുന്നതിനേക്കാളും എളുപ്പമുള്ള കാര്യം മറെറാന്നില്ല. തെരഞ്ഞെടുക്കപ്പെടുന്നതുവരെ കണ്ണല്യാത്തതെല്ലാം പൊന്നാക്കാമെന്ന് വാഗ്ദാനം ചെയ്യുന്നതിനു യാതൊരു വിഷമവുമില്ല.

തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ ആ വാഗ്ദാനങ്ങളെ വിസ്മരിക്കുവാനും യാതൊരു പ്രയാസവുമില്ല. അങ്ങനെയുള്ള കപടവേഷം കെട്ടി ഒരു വോട്ടെങ്കിലും ലഭിക്കണമെന്നു എനിക്കാലയില്ല. കഴിഞ്ഞകാലത്തും ഞാൻ വലിയവന്മാരുടെ ഒരു വാലേത്തൂങ്ങിയായിരുന്നില്ല. ഉള്ളകാര്യം തുറന്നുപറയുമ്പോൾ ചിലപ്പോൾ ചിലക്കു രസിച്ചില്ലെന്നുംവരാം. ഞാൻ അതുതെല്ലും വകവച്ചുകൊടുക്കാൻ ഭാവമില്ല. എന്റെ അഭിപ്രായത്തിൽ നിന്ന് അണു വിടവ്യതി ചലിക്കുന്നതല്ലെന്ന് ഞാൻ ധൈര്യപൂർവ്വം പറഞ്ഞുകൊള്ളുന്നു. പക്ഷെ ഞാൻ കാലത്തിന്റെ പുരോഗതിയിലും, മനുഷ്യത്വത്തിന്റെ മാഹാത്മ്യത്തിലും വിശ്വസിക്കുന്നവനാണ് നിങ്ങളുടെ തീരുമാനം എനിക്കെതിരാണെങ്കിലും സസന്തോഷം അതു സഹിക്കാനുള്ള മനക്കരുത്തു എനിക്കുണ്ട്.

എന്റെ സ്വന്തം ആവശ്യത്തിനു എനിക്കു പാർലമെന്റിൽ കയറി ഇരിക്കണമെന്നില്ല; ഞാൻ ഒരു സ്ഥാനാർത്ഥിയായി പോകുന്നതുകൊണ്ടു നിങ്ങൾക്കു വല്ല ഗുണവും ഉണ്ടാകുമെന്നു നിങ്ങൾക്കു പൂർണ്ണബോദ്ധ്യമുണ്ടെങ്കിൽ മാത്രം എന്നെ തെരഞ്ഞെടുത്താൽ മതി.'

(തെരഞ്ഞെടുപ്പുനടന്നു. മെക്കാളെ ജയിച്ചു.)

പരിഭാഷ മുട്ടത്തുവർക്കി.

........

പുതിയതായി തുറന്ന ആഫീസ്, ആദ്യമായി ഒരിടപാട്ടുകാരൻ കയറി വരുന്നതുനോക്കിക്കൊണ്ടിരുന്ന മുതലാളി ആൾ കയറിവരുന്നതു കണ്ടുകൊണ്ട് വലിയ ജോലിത്തിരക്കുനടിക്കുകയാണ്. ഫോൺ എടുത്തു കുറെ നേരം സംസാരിച്ചു. എന്നിട്ട് അപ്പോഴാണു ആളെകണ്ടതെന്നഭാവത്തിൽ,

"അപ്പോൾ എന്തു വേണം നിങ്ങൾക്കു്"

"ഒന്നും വേണ്ടാ മുതലാളി; ഫോണിന്റെ ബന്ധംവേർപെട്ടിരിക്കയായിരുന്നു. അതുനന്നാക്കാൻവന്നതാണ്".


V. B. PHOTO STUDIO
PONKUNNAM

ഇവിടെ ഏതു സമയത്തും ഫോട്ടോ എടുത്തു കൊടുക്കുന്നതാണ്. കൂടാതെ, എൻലാർജ്ജമെന്റ്, ഓയിൽ പെയിൻറിംഗ്, സിനിമാ സ്ലൈഡ്, മുതലായി എല്ലാവിധ ജോലികളും ചെയ്തു കൊടുക്കുന്നതാണ്.

Prop: V. A. ABRAHAM,
Artist and Photographer.


Printed and published by Anjilliparampil Kumaran at the Viswabharathi Press, Kottayam.

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY
Date......
MANNARKKAD